മാനേജർക്ക് നിർദ്ദേശം നൽകുകയും ആയതിലേയ്ക്ക് ടി നിവേദനത്തിന്റെ പകർപ്പ് അയച്ചു നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേഖലാ മാനേജരുടെ റിപ്പോർട്ട് ഇപ്പോൾ ലഭ്യമായിട്ടുണ്ട്.

(ബി) സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മഞ്ചേശ്വരം മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

82 (4433) ശ്രീ. സി. എച്ച് കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ഇപ്പോൾ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) മാവേലിസ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയവ ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഇപ്പോൾ മാവേലി സ്റ്റോറുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

സ്ഥലം	പഞ്ചായത്തിന്റെ പേര്
1. കുമ്പള	കുമ്പള ഗ്രാമപഞ്ചായത്ത്
2. പൈവളിഗെ	പൈവളിഗെ ഗ്രാമപഞ്ചായത്ത്
3. പെർള	എൻമകജെ ഗ്രാമപഞ്ചായത്ത്
4. ഉപ്പള	മങ്കൽപ്പാടി ഗ്രാമപഞ്ചായത്ത്

(ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ താഴെപ്പറയുന്നു.

1. വൊർക്കൊടി
2. മഞ്ചേശ്വരം
3. പുത്തിഗെ
4. മീഞ്ച

ഇവയിൽ പുത്തിഗെ പഞ്ചായത്തിൽനിന്നും കെട്ടിടവും കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും അനുവദിച്ചിട്ടുണ്ടെങ്കിലും കെട്ടിടം 300 സ്കയർ ഫീറ്റ് മാത്രം വിസ്തീർണ്ണമുള്ളതാണ്. മാവേലി സ്റ്റോറിന്റെ സുഗമമായ നടത്തിപ്പിനും ഉപഭോക്താക്കളുടെ സൗകര്യം കണക്കിലെടുത്തും കുറഞ്ഞത് 500 സ്കയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടം മാവേലി സ്റ്റോറിന് ആവശ്യമാണ്. ബാക്കി 2 പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത പഞ്ചായത്തുകളിലേയ്ക്ക് നിരന്തരം കത്തുകൾ അയച്ചുവെങ്കിലും ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly